ദേശാഭിമാനി
Fri, 04 April 2025

# ഊർജസംരക്ഷണം ഉറപ്പാക്കി കെട്ടിട നിർമാണം: വ്യവസ്ഥകൾ പ്രസിദ്ധപ്പെടുത്തി

**തിരുവനന്തപുരം**

കെട്ടിടം നിർമിക്കുമ്പോൾ ഊർജസംരക്ഷണവും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിന് 'കേരള എനർജി കൺസർവേഷൻ ആൻഡ് സസ്റ്റെയിനബിൾ ബിൽഡിങ് കോഡ് റൂൾസ് 2025' (ഇസിഎസ്ബിസി) പ്രസിദ്ധീകരിച്ചു.

ഉയർന്നുവരുന്ന വൈദ്യുതി ഉപയോഗവും പാരിസ്ഥിതിക പ്രശ്നങ്ങളും കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെട്ടിട നിർമാണ വ്യവസ്ഥ നടപ്പാക്കുന്നത്.

കണക്റ്റഡ് ലോഡ് 100 കിലോവാട്ടോ അതിലധികമോ അല്ലെങ്കിൽ കോൺട്രാക്ട് ഡിമാൻഡ് 120 കിലോ വോൾട്ട് ആംപിയറോ അതിലധികമോ ആയ വാണിജ്യ കെട്ടിടങ്ങൾക്ക് ഇസിഎസ്ബിസി വ്യവസ്ഥകൾ ബാധകമായിരിക്കും.

ലോഡ്ജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സമ്മേളന സ്ഥലങ്ങൾ, ഓഫീസുകൾ, വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിടങ്ങൾ, ബഹുനില മന്ദിരങ്ങൾ എന്നിവയ്ക്കാണ് ബാധകം.

ഊർജ കാര്യക്ഷമതയ്ക്കൊപ്പം സുസ്ഥിരമായ സൈറ്റ് പ്ലാനിങ്, കാര്യക്ഷമമായ ജലവിതരണ സംവിധാനങ്ങൾ, മാലിന്യസംസ്കരണം എന്നിവയും വ്യവസ്ഥയിലുണ്ട്.

കെട്ടിടങ്ങളുടെ നിർമാണം മുതലുള്ള ഘട്ടങ്ങളിൽ ഊർജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള 2017ലെ കേരള എനർജി കൺസർവേഷൻ ബിൽഡിങ് കോഡാണ് കേരളത്തിലെ കാലാവസ്ഥയും വൈദ്യുതി ഉപയോഗവും കണക്കിലെടുത്ത് കേരള എനർജി കൺസർവേഷൻ ആൻഡ് സസ്റ്റെയിനബിൾ ബിൽഡിങ് കോഡ് റൂൾസ് എന്ന് പരിഷ്കരിച്ചത്.

കെട്ടിടങ്ങളിൽ ഊർജ കാര്യക്ഷമത, ഊർജ സംരക്ഷണം, പുനരുപയോഗ ഊർജത്തിന്റെ ഉപയോഗം, പരിസ്ഥിതി സൗഹാർദ അന്തരീക്ഷം എന്നിവ ഉറപ്പാക്കാൻ വ്യവസ്ഥകൾ സഹായകരമാകും. പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതോടെ പുതുതായി നിർമിക്കുന്ന കെട്ടിടങ്ങളിൽ ഇഎസ്ബിസി ബാധകമാകും.

കേരളത്തിലെ ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പേർട്ട്സിനെ കെട്ടിട നിർമാണം ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾക്ക്:(https://keralaenergy.gov.in)